"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

മത്സ്യബന്ധന തുറമുഖ വകുപ്പ് - പൊന്നാനി തുറമുഖത്ത് ഒരു മൾട്ടി പർപ്പസ് ബെർത്ത് നിർമ്മിക്കുന്നതിനുള്ള DPR തയ്യാറാക്കുന്നതിനുള്ള തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.397/2023/F&P തീയതി,തിരുവനന്തപുരം, 18-05-2023

---

പരാമർശം:- കേരള മാരിടൈം ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 24/04/2023 തീയതിയിലെ സി1-67795/22 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കേരളാ മാരിടൈം ബോർഡിന്റെ അധീനതയിലുള്ള പൊന്നാനി തുറമുഖത്ത് ഒരു മൾട്ടി പർപ്പസ് വാർഫ് നിർമ്മിക്കുന്ന വിഷയം കേരളാ മാരിടൈം ബോർഡിന്റെ ഇരുപത്തിയാറാം ബോർഡ് മീറ്റിംഗിൽ അജണ്ട ഇനമായി ഉൾപ്പെടുത്തി ബെർത്ത് നിർമ്മാണവുമായി ബന്ധപ്പെട്ട നടപടികളുമായി മുന്നോട്ടു പോകാൻ തീരുമാനിക്കുണ്ടായെന്നും പ്രസ്തുത DPR തയ്യാറാക്കുന്നതിന് 1 ലക്ഷം രൂപ കൺസൾട്ടൻസി ചെലവുകൾക്ക് നൽകണമെന്നും സൂപ്രണ്ടിംഗ് എഞ്ചിനീയർ, കോഴിക്കോട് അറിയിക്കുകയുണ്ടായെന്നും ആയതിനാൽ പൊന്നാനി തുറമുഖത്ത് ഒരു മൾട്ടി പർപ്പസ് ബെർത്ത് നിർമ്മിക്കുന്നതിനുള്ള DPR തയ്യാറാക്കുന്നതിനുള്ള കൺസൾട്ടൻസി ചെലവുകൾക്കായി 1,00,000/- (ഒരു ലക്ഷം രൂപ മാത്രം) "5051-02-200-79-Development of Ponnani Port" എന്ന ശീർഷകത്തിൽ 2023-24 സാമ്പത്തിക വർഷത്തേക്ക് അനുവദിക്കണമെന്ന് കേരള മാരിടൈംബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരാമർശ കത്ത് പ്രകാരം ആവശ്യപ്പെടുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും, പൊന്നാനി തുറമുഖത്ത് ഒരു മൾട്ടി പർപ്പസ് ബെർത്ത് നിർമ്മിക്കുന്നതിനുള്ള DPR തയ്യാറാക്കുന്നതിനുള്ള കൺസൾട്ടൻസി ചെലവുകൾക്കായി 1,00,000/- (ഒരു ലക്ഷം രൂപ മാത്രം), "5051-02-200-79-Development of Ponnani Port" എന്ന ശീർഷകത്തിൽ സുതാര്യമായ ഒരു പ്രക്രിയ പിന്തുടരേണ്ടതാണ് എന്ന വ്യവസ്ഥയ്ക്കും, GO(P)N0.107/2017/Fin dated 07.08.2017-ലെ വ്യവസ്ഥകൾക്കും നിലവിലെ

സർക്കാർ ഉത്തരവുകൾക്കും വിധേയമായി അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബിന്ദു വി ആർ

അണ്ടർ സെക്രട്ടറി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള മാരിടൈം ബോർഡ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള തിരുവനന്തപുരം.

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

കരുതൽ ഫയൽ/ഓഫീസ് കോപ്പി